

# സായൂജ്യം

S.N.V.L.P.S THUMPOLY




# MASTER PLAN

# S.N.V.L.P.S THUMPOLY

# ALAPPUZHA - 8

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

- സ്കൂളിന്റെ പേര് : എസ് എൻ വി എൽ പി സ്കൂൾ തുമ്പോളി
- മേൽവിലാസം : തുമ്പോളി പി ഓ , ആലപ്പുഴ
- ഫേസ്ബുക് അക്കൗണ്ട് :
- വിദ്യാഭ്യാസ ഉപജില്ലാ : ആലപ്പുഴ
- വിദ്യാഭ്യസജില്ലാ : ആലപ്പുഴ
- റവെന്യൂ ജില്ലാ : ആലപ്പുഴ
- മുസിപ്പാലിറ്റി : ആലപ്പുഴ
- താലൂക് : അമ്പലപ്പുഴ
- വാർഡ് നമ്പറും പേരും : 2 , കൊമ്മാടി
- ഭൂവിസ്തൃതി : 52 cm
- വില്ലേജ് : ആര്യാട് സൗത്ത്
- സ്കൂൾ ഉടമസ്ഥത : വ്യക്തിഗത മാനേജ്മെന്റ്
- സ്കൂൾ വിഭാഗം : ലോവർ പ്രൈമറി ( I TO V , LKG , UKG (PTA)
- പഠനമാധ്യമം : മലയാളം, ഇംഗ്ലീഷ്
- സ്കൂൾ കോഡ് : 35224
- udaise കോഡ് : 32100110107
- പ്രധാന അദ്ധ്യാപിക : ലക്ഷ്മിപ്രിയ K
- പി ടി എ പ്രസിഡന്റ് : വിനോദ് കുമാർ വി വി
- മദർ പി ടി എ പ്രസിഡന്റ് : മേരി ജിജി
- വികസന സമിതി ചെയർമാൻ : എ പി ഷൈൻ
- വികസനസമിതി കൺവീനർ : പി ജി ബിജു
- വാർഡ് മെമ്പർ : മോനിഷ ശ്യാം

# ആമുഖം

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും എല്ലാ തരത്തിലും മാതൃകയാണ് നമ്മുടെ ഈ കൊച്ചു കേരളം .ഇതിൽ ഏറ്റവും പ്രധാനം വിദ്യാഭ്യാസരംഗവും ആരോഗ്യരംഗവുമാണ് .വിദ്യാഭ്യാസരംഗത് നാം നേരിട്ട് കൊണ്ടിരിക്കുന്ന ഒരു വെല്ലുവിളിയാണ് എല്ലാവർക്കും ഗുണമേന്മ ഉള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നത് .റാണി ലക്ഷിമിഭായ് തമ്പുരാട്ടിയുടെ കാലം മുതലേ ഇതിനുവേണ്ടി ശ്രമിച്ചിരുന്നുവെന്നു ചരിത്രം പഠിക്കുന്ന ഏതൊരാൾക്കും മനസിലാക്കാം

ആഗോളതലം മുതൽ ആരംഭിച് കേന്ദ്ര - സംസഥാന ഗവണ്മെന്റുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പുരോഗമന പ്രക്രിയകൾ നടപ്പിൽ വരുത്താൻ കഠിന പ്രയത്നമാണ് എൻ എച് 47 ൽ തുമ്പോളി ജംഗ്ഷനിൽ നിന്നും ഏകദേശം നൂറുവാര പടിഞ്ഞാറു മാറി തീരദേശ റോഡിനു സമീപം സ്ഥിതി ചെയ്യുന്ന എസ് എൻ വി എൽ പി സ്കൂൾ നടത്തി വരുന്നത്

# പൊതുലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അത് വഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്.അറിവിനെ സ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക ,കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക പാഠപുസ്തങ്ങൾക്കപ്പുറത്തേക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപെടുത്തുക തുടങ്ങിയ ദേശിയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദേശങ്ങളും പ്രക്രിയബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്

- ഒന്ന് മുതൽ 12 വരെ ഓരോ ക്ലാസ്സിലും അന്താരാഷ്ട്ര നിലവാരത്തിൽ കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിന് അനുസരിച് നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുക .
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും
- അന്താരാഷ്ട പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും

- ഉന്നത നിലവാരത്തിൽ ഉള്ള അധ്യാപനം ഉറപ്പാക്കാൻ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും
- ഐ സി ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങ്ൾ ഉറപ്പാക്കും
- ക്ലാസ് മുറികളിൽ ഐ സി ടി അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പടനാതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും
- കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും
- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവിശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾകൊണ്ട് ലഭ്യമാക്കും
- പഠനം ആകർഷകവും സർഗാത്മകതയും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും
- സ്കൂൾ ലൈബ്രറി ലാബ് എന്നിവ ആധുനികവത്കരിച് പഠനപ്രക്രിയയുടെ ഭാഗമാക്കും
- ലഘുപഠനയാത്രകൾ പഠനക്യാമ്പുകൾ ശില്പശാലകൾ വിദഗ്ദ്ധരുടെ ക്ലാസുകൾ സെമിനാറുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുംകാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക , മാലിന്യ നിർമാർജനം നടത്തുക എന്നത് ഒരു സംസ്കാരമായി രൂപപെടുത്തിയെടുക്കും
- മദ്യപാനം ,മയക്കുമരുന്ന് , എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തും
- മദ്യപാനം ,മയക്കുമരുന്ന് , എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തും
- ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമാക്കി വികസിപ്പിച്ചെടുത് ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും

- പിന്നോക്കം നിൽക്കുന്ന വിഭാങ്ങൾക്ക് പ്രതേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും
- വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണമാക്കും
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു വഴിയൊരുക്കും
- കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിങ് സൗകര്യങ്ങൾ ഒരുക്കും
- ജനകീയ ഇടപെടലുകൾ ഉറപ്പാക്കി സ്കൂൾ പ്രവർത്തങ്ങൾ ഫലപ്രദമാക്കും
- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും

# അക്കാദമിക മികവിനായി തുടക്കം കുറിച്ച പദ്ധതികൾ

- യൂണിറ്റ് ടെസ്റ്റ്
- പ്രാദേശിക പി ടി എ
- ഭവന സന്ദർശനം
- അക്ഷരത്തെളിച്ചം

# സ്കൂൾ മികവുറ്റതാക്കാൻ

## പരിസ്ഥിതി

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ സ്കൂളിൽ ജൈവവൈവിധ്യ പാർക്ക് നിർമിച്ചു .ഇത് കുട്ടികളുടെ പരിസ്ഥിതിയും മുതിർന്നവരുടെ ജൈവ ലിത്യബ്രറിയുമായി പ്രവർത്തിക്കും

## കായികം, കല, പ്രവൃത്തി പരിചയം

പഠ്യേതര പ്രവർത്തി പരിചയമേളകളിൽ പങ്കെടുക്കുവാൻ മികച്ച പരിശീലകരുടെ സഹായത്തോടെ കുട്ടികളെ പരിശീലിപ്പിക്കുന്നു.ഇതിനായി സ്കൂൾ പ്രവത്തന സമയത്തിന് ശേഷം സമയം കണ്ടെത്തുന്നു . സമയബന്ധിതമായി അധ്യാപകർക്ക് പരിശീലനത്തിന് ഹ്രസ്വകല ദീർഘ കാല പാക്കേജുകൾ സ്കൂൾ ആസൂത്രണം ചെയ്യും കുട്ടികളെ മികവുറ്റവരാക്കാൻ
എന്റെ സ്കൂളിൽ വരുന്ന ഓരോ കുട്ടിയുടെയും സമസ്തമേഖലകളിലെ വികാസമാണ് ലക്ഷ്യമിടുന്നത്. ഓരോ വിദ്യാര്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്തുവാനും വികസിപ്പിക്കുവാനും ആവിശ്യമായ അവസരങ്ങൾ പഠന പ്രവർത്തങ്ങളുടെ ഭാഗമായും സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കും. മറ്റുള്ള ഏജൻസികളിൽ നിന്നും

കേന്ദ്ര സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപങ്ങളിൽ നിന്നും സഹായ സഹകരണങ്ങൾ നേടി കൊണ്ട് കുട്ടികളുടെ കലകായിക പഠന നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കും.കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ വിശകലനം ചെയ്ത അധ്യാപനം മെച്ചപ്പെടുത്തുന്നതിന് ഓരോ  അധ്യാപകരെ പ്രാപ്തരാക്കും .ഓരോ കുട്ടിയുടെയും ഭവന സന്ദർശനം നടത്തി സാഹചര്യങ്ങൾ മനസിലാക്കി വിവരങ്ങൾ ശേഖരിക്കുന്നു. ഇങ്ങനെ ഓരോ കുട്ടിയെയും പഠനത്തിൽ മികവുറ്റവരാക്കുന്നു.

ശുചിത്വം ആരോഗ്യം സുരക്ഷാ രക്ഷാകർത്ത ബോധവൽക്കരണം എന്നിവ നടത്തുന്നു.മാലിന്യ സംസ്കരണം ഓരോ ജീവിത രീതിയാക്കി മാറ്റുന്നതിന് കുട്ടികളെ പരിശീലിപ്പിക്കും

# അക്കാദമിക ലക്ഷ്യങ്ങൾ

## ഭാഷ പഠനം

സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ് .മനുഷ്യ വശത്തിനു മാത്രമുള്ള അമൂല്യ സ്വാത്തായ ഭാഷയുടെ സ്വാംശീകരണം ജനനം മുതൽ ആരംഭിക്കുന്നു .സംസ്ഥാനത്തു നടന്ന പാഠ്യപദ്ധതി പരിഷ്കാരങ്ങളുടെ ഭാഗമായി ഭാഷ പാഠ പുസ്തകങ്ങൾ പഠന രീതി മൂല്യ നിർണയം എന്നിവയിൽ ഗുണകരമായ മാറ്റങ്ങൾ വന്നിട്ടുണ്ട് .ഊഹിക്കുക.ഭാവനയിൽ കാണുക വിവരിക്കുക,വര്ണിക്കുക,എന്നിങ്ങനെ പഠിതാവിന്റെ ചിന്ത ശേഷി സർഗാത്മകമായി ഉപയോഗപ്പെടുത്തുന്നതിനു അവസരം ഒരുക്കുന്നു.

# ഭാഷ പഠനത്തിന്റെ ഭാഗമായി ആർജിക്കുന്ന മേഖലകൾ

ആശയധാരണ

ശേഷികൾ

അവതരണം

രേഖപ്പെടുത്തൽ

പങ്കാളിത്തം

- എന്റെ ഭാഷ പുസ്തകം
- അക്ഷര കാർഡ്
- അക്ഷര ചിത്രങ്ങൾ
- വായന കാർഡ്
- കവിത
- ആസ്വാദന കുറിപ്പ്
- കാവ്യാലാപനം
- വർണന
- ജീവചരിത്ര കുറിപ്പ്
- പതിപ്പ്
- അനുഭവ കുറിപ്പ്
- യാത്ര വിവരണം
- കവിത പൂരണം
- താരതമ്യകുറിപ്പ്
- കടംകഥ പയറ്റ്
- നാടകം
- പത്രവാർത്ത
- പോസ്റ്റർ രചന

# ലക്ഷ്യങ്ങൾ

- ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.
- പദസമ്പത്തു വർധിപ്പിക്കുക
- എല്ലാ കുട്ടികളെയും ഇംഗ്ലീഷിൽ ആശയ വിനിമയം ചെയ്യുന്നതിന് പ്രാപ്തരാക്കുക
- ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം സജ്ജമാക്കാക്കൽ
- അനൗപചാരിക സംഭാഷണങ്ങൾ ഇംഗ്ലീഷിൽ ആക്കുക.
- എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് അസംബ്ലി
- എല്ലാ കുട്ടികളും ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കി പഠനത്തോടൊപ്പം വികസിപ്പിക്കുന്നു
- ടീച്ചർ ഒരു ദിവസം ഒരു വാക്ക് അവതരണം
- ഭാഷ കേളികൾ
- ഇംഗ്ലീഷ് വായന കാർഡുകൾ
- വായനമൂലകൾ ഇംഗ്ലീഷ് കൈയെഴുത്തു മാസികകൾ
- സ്പോകെൻ ഇംഗ്ലീഷ്,ഇംഗ്ലീഷ് ഫെസ്റ്റ്

# അടിസ്ഥാനശാസ്ത്രം

കുട്ടികളിൽ കൗതുകം ,ജിജ്ഞാസ ,നിരീക്ഷണ പാടവം,എന്നിവ പരിപോഷിപ്പിക്കുന്നതിനു ശാസ്ത്ര പഠനം ലക്ഷ്യമിടുന്നു.ചുറ്റുപാടുകളെ വിശകലനം ചെയ്യുന്നതിനും വ്യാഖ്യാനിക്കുന്നതിനും ശാസ്ത്ര പഠനം കൂടിയേ തീരു

പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേക പൂർവമാക്കുക,പ്രകൃതിയിലെ പരസ്പര ആശ്രയത്വം തിരിച്ചറിയുക ,വ്യക്തി ശുചിത്വം ,സാമൂഹിക ശുചിത്വം ഇവ പാലിച്ചു കൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക ,ശാസ്ത്ര നേട്ടങ്ങൾ സാമൂഹിക നന്മയ്ക്കായി പ്രയോജന പെടുത്തുക ഇവയെല്ലാം ശാസ്ത്ര പഠനത്തിന്റെ ലക്ഷ്യങ്ങൾ ആണ്

ലൈബ്രറി ,പഠനോപകാരങ്ങൾ ,ഡിസ്പ്ലെ ബോർഡുകൾ,കംപ്യൂട്ടർ ലാബ് മേളകൾ ,അസംബ്ലി,പഠനയാത്രകൾ തുടങ്ങിയ ഘടകങ്ങൾ ഇതിനു സഹായകരമാകുന്നു.നിരീക്ഷണ വർഗീകരണം ,തരംതിരിക്കൽ,താരതമ്യ പരീക്ഷണം ,ദത്തങ്ങൾ ശേഖരിക്കലും രേഖപെടുത്തലും,പ്രശ്ന പരിഹാരം കണ്ടെത്തൽ,അപഗ്രഥിക്കാൻ എന്നി പ്രക്രിയ മേഖലകളിലൂടെ ഓരോ കുട്ടിയെയും കടത്തി വിടുന്നു

# സാമൂഹികശാസ്ത്രം

സമൂഹത്തിന്റെ വികസ പരിണാമങ്ങൾ അറിയുവാനും സമൂഹത്തെ മെച്ചപ്പെടുത്തുവാനും ഉള്ള കൂട്ടായ പരിശ്രമത്തിൽ ഓരോ കുട്ടിയുടെയും പങ്ക് തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാനും കുട്ടിയെ പ്രാപ്തനാക്കുകയാണ് സാമൂഹിക ശാസ്ത്ര പഠനത്തിലൂടെ ലക്ഷ്യമിടുന്നത്.സാമൂഹിക മാറ്റങ്ങളിൽ പങ്കാളി ആകുന്നതിനോടൊപ്പം സമൂഹത്തെ മുന്നോട്

നയിക്കുക എന്ന ഉത്തരവാദിത്തം നിറവേറ്റാൻ കുട്ടിയെ പ്രാപ്തനാക്കാൻ ഇതിലൂടെ സാധിക്കുന്നു .

## <u>പ്രധാന പ്രക്രിയ ശേഷികൾ</u>

- നിരീക്ഷണം
- വിവരശേഖരണം
- വർഗീകരണം
- താരതമ്യം
- വിശകലനം
- സാമാന്യവത്കരണം
- നിഗമനങ്ങൾ രൂപപ്പെടുത്തൽ
- പ്രവചിക്കലും അനുമാനിക്കലും
- ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ

# ഗണിതം

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിത ശാസ്ത്ര പഠനത്തിൽ പ്രധാനമായും ഊന്നൽ നൽകുന്നത് .ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നു .ഗണിതത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നു പോകുന്നില്ല .ഗണിതം ചിന്തയെ തെളിമയുള്ളതാക്കുന്നു.

## ആർജിക്കുന്ന മേഖലകൾ

- സംഖ്യകളെ വ്യാഖ്യാനിക്കൽ
- സങ്കലനം,വ്യവകലനം,ഗുണനം,ഹരണം
- ജ്യാമിതി
- അളവുകൾ
- ഭിന്നസംഖ്യ
- മതിച്ചുപറയൽ

# ഹിന്ദി

അഞ്ചാം ക്ലാസ്സിൽ ആരംഭിക്കുന്ന ഹിന്ദി പഠനത്തിന്റെ മുന്നൊരുക്കമായി താഴ്ന്ന ക്ലാസ്സുകളിൽ അക്ഷരങ്ങൾ അക്കങ്ങൾ മാസങ്ങൾ ആഴ്ചകൾ എന്നിങ്ങനെ ക്രമത്തിൽ നൽകുന്നു.പ്രാരംഭഘട്ടത്തിൽ ആരംഭിക്കുന്ന ഹിന്ദി പഠനം കുട്ടികളിലെ ഭാഷ ശേഷി വിപുലമാക്കാൻ സഹായിക്കുന്നു .

# അറബി

കുട്ടികളിൽ അക്ഷരവും അറബി ഭാഷയും ഉറപ്പിക്കാൻ ഐ ടി അധിഷ്ഠിതമായ പഠനം ആണ് നടത്തുന്നത്

# ഉപസംഹാരം

അക്കാദമിക ഭൗതിക സാമൂഹിക മേഖലകളിലെ ഇടപെടലുകളിലൂടെയും മെച്ചപ്പെടുത്തലുകളിലൂടെയും ഇ വിദ്യാലയത്തെ മികവുറ്റതാക്കി തീർക്കാൻ സാധിക്കും.വിദ്യാഭ്യാസ ഓഫീസർ ,തദ്ദേശ സ്വായംഭരണ സ്ഥാപനങ്ങൾ സ്കൂൾ മാനേജ്മന്റ് ഹെഡ്മാസ്റ്റർ എന്നിവരുടെ ഫലപ്രദമായ മേൽനോട്ടവും വിലയിരുത്തലുകളും നേട്ടങ്ങളുടെ മാറ്റു കൂട്ടാൻ ഉപകരിക്കും